## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 3417 — 18.2.2013 - ൽ മറുപടിയ്ക്ക്

### കുട്ടനാട് പാക്കേജിന്റെ പരിധിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കെ. സദാശിവൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജിന്റെ പരിധിയിൽ ഏതെല്ലാം മണ്ഡലങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്; ഓരോ മണ്ഡലത്തിലും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കുട്ടനാട് പദ്ധതിയുടെ പരിധിയിൽ വരുന്ന മണ്ഡലങ്ങളുടെ പട്ടിക താഴെ സൂചിപ്പിക്കുന്നു<br><br>ആലപ്പുഴ ജില്ല<br>ആലപ്പുഴ, അമ്പലപ്പുഴ, കുട്ടനാട്, അടൂർ, ചെങ്ങന്നൂർ, ചേർത്തല, ഹരിപ്പാട്, മാവേലിക്കര, കായംകുളം<br><br>കോട്ടയം ജില്ല<br>ചങ്ങനാശ്ശേരി, ഏറ്റുമാനൂർ, കടുത്തുരുത്തി, കോട്ടയം, വൈക്കം<br><br>പത്തനംതിട്ട ജില്ല<br>തിരുവല്ല, അടൂർ<br><br>കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ മേൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ മണ്ഡലങ്ങൾക്കും ബാധകമാണ്. |
| (ബി) ഓരോ മണ്ഡലത്തിലേയ്ക്കും പ്രവൃത്തികൾക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (ബി) കുട്ടനാട് പാക്കേജിനായി നാളിതു വരെ 1266.68 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. ടി തുകയിൽ 231.37 കോടി രൂപ റിലീസ് ചെയ്തിട്ടുള്ളതും 141.53 കോടി രൂപ നാളിതു വരെ വിനിയോഗിച്ചിട്ടുള്ളതുമാണ്. മണ്ഡലാടിസ്ഥാനത്തിൽ വിവിധ പ്രവർത്തികൾക്കായി അനുവദിച്ചതിന്റേയും വിനിയോഗിച്ചതിന്റെയും വിശദാംശങ്ങൾ തിട്ടപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പുതിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പദ്ധതിക്കായി എത്ര രൂപ അധികമായി ചെലവഴിക്കേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്; | (സി) | ഇറിഗേഷൻ വകുപ്പിൻ കീഴിൽ നടപ്പിലാക്കുന്ന പുറംബണ്ട് നിർമ്മാണ പ്രവർത്തികളിൽ Phase II - 1533.27 കോടി Phase III - 807.87 കോടി ,Phase IV - 382.33 കോടി എന്നീ മൂന്ന് പദ്ധതികളുടെ ഡി.പി.ആർ 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് (SOR) ന്റെ അടിസ്ഥാനത്തിൽ പുതുക്കി വരുന്നു. തുടർന്ന് ടി പദ്ധതികൾക്ക് കേന്ദ്ര സാങ്കേതിക അനുമതി കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത തുക എങ്ങനെ കണ്ടെത്തും എന്ന് വിശദമാക്കുമോ? | (ഡി) | ജലസേചന വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കാണ് എസ്റ്റിമേറ്റ് റിവിഷൻ പ്രകാരം അധികതുക ആവശ്യമായി വരുന്നത്. പ്രൊ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ഇറിഗേഷൻ വകുപ്പിനായി നീക്കി വച്ചിട്ടുള്ള അടങ്കൽ തുക 1518 കോടി രൂപയാണ്. എന്നാൽ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള വിഭിന്ന ജലസേചന പ്രവർത്തികൾക്കായി നാളിതു വരെ 3669.08 കോടി രൂപയുടെ ഡി.പി. ആറുകളാണ് തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 771.40 കോടി രൂപയുടെ ജലസേചന പ്രവർത്തികൾക്കാണ് നാളിതു വരെ അംഗീകാരം ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ